459/CSt/19

ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യു കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 - 2324951
0471 - 2325071
Tele FAX : 0471 - 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. എ1-3125/2014/സിഇ/തസ്വഭവ (Vol. II)** **തീയതി : 25/03/2019**

# സർക്കുലർ

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ തുടരാനുള്ള മൊബിലിറ്റി ആനുകൂല്യത്തിന് അർഹതയുള്ള ജീവനക്കാരുടെ അപേക്ഷ - സേവനപുസ്തകം ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന :
1) സ.ഉ(പി) നം. 20/2013/ധന തീയതി 07.01.2013
2) സ.ഉ(പി) നം. 209/2013/ധന തീയതി 07.05.2013
3) സ.ഉ(പി) നം. 279/2014/ധന തീയതി 14.07.2014
4) സ.ഉ(പി) നം. 142/2018/ധന തീയതി 10.09.2018

പരാമർശം (1) ഉത്തരവ് പ്രകാരം 01.04.2013-ന് ശേഷം സർക്കാർ സർവീസിൽ പ്രവേശിക്കുന്ന കേരള സർവീസ് ചട്ടം ഭാഗം III പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കമായിരുന്ന വിഭാഗങ്ങളിൽ പുതുതായി നിയമിതരാകുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും, പരാമർശം (2) ഉത്തരവ് പ്രകാരം 01.04.2013-ന് മുൻപ് സംസ്ഥാനത്തെ സർക്കാർ വകുപ്പിൽ ഏതെങ്കിലും തസ്തികയിൽ നിയമിക്കപ്പെടുകയും തുടർന്ന് 01.04.2013-ന് ശേഷം മറ്റൊരു വകുപ്പിൽ നിയമനം ലഭിക്കുന്നവർക്കും, പരാമർശം (3) ഉത്തരവ് പ്രകാരം 01.04.2013-ന് മുൻപ് കേരള സർവീസ് ചട്ടം ഭാഗം III പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമായിരുന്ന സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർ പിന്നീട് പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാനുള്ള മൊബിലിറ്റി ആനുകൂല്യം അനുവദിച്ചിട്ടുള്ളതാണ്.

സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാനുള്ള മൊബിലിറ്റി ആനുകൂല്യത്തിന് അർഹതയുള്ള ജീവനക്കാരിൽ പരാമർശം (2), (3) സർക്കാർ ഉത്തരവുകൾക്ക് വിധേയമായി സമയബന്ധിതമായി ഓപ്ഷൻ ഫോം സമർപ്പിക്കാൻ സാധിക്കാതെ വന്ന ജീവനക്കാർക്ക് 2018 നവംബർ 30-നകം നിയമനാധികാരി മുൻപാകെ ഓപ്ഷൻ ഫോം സമർപ്പിക്കാൻ പരാമർശം (4) സർക്കാർ ഉത്തരവ് പ്രകാരം അവസരം നൽകിയിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 2018 നവംബർ 30-നകം ഈ കാര്യാലയത്തിൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിൽ തുടരാനുള്ള മൊബിലിറ്റി ആനുകൂല്യത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള ജീവനക്കാർ അവരുടെ സേവനപുസ്തകം നിയന്ത്രണാധികാരി മുഖേന **2019 മാർച്ച് 31-നകം** ഈ ഓഫീസിൽ സമർപ്പിക്കുവാൻ താൽപ്പര്യപ്പെടുന്നു.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

P 366